# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3765 17.10.2011 ൽ മറുപടിക്ക്

### മോട്ടോർ സൈക്കിൾ ഉപയോഗിച്ചുള്ള കുറ്റകൃത്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) കെ.എൽ - 5 ഇ 3490 എന്ന നമ്പരിലുള്ള എൻഫീൽഡ് മോട്ടോർ സൈക്കിൾ ആർക്കുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (എ) നിലവിൽ KL-05-E-3490 എന്ന വാഹനം എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ആഫീസിന്റെ കീഴിൽ ശ്രീ. ഷിബു.ജെ.വർഗ്ഗീസ് (വർഗ്ഗീസ് മകൻ) ഇല്ലിക്കൽ ഹൗസ്, തൃപ്പൂണിത്തുറ എന്നയാളുടെ പേർക്കുള്ളതാണ്. |
| (ബി) പ്രസ്തുത വാഹനം യഥാ സമയം ടാക്സ് അടയ്ക്കാറുണ്ടോ ; എങ്കിൽ ഏത് ആർ.ടി. ഓഫീസിലാണ് ടാക്സ് അടയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) തൃപ്പൂണിത്തുറ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ രേഖകളിൽ 23.1.2012 വരെ ടാക്സ് അടച്ചതായി കാണുന്നു. ഈ വാഹനം നോൺ ട്രാൻസ്പോർട്ട് ഗണത്തിൽ വരുന്നതിനാൽ, കേരളത്തിലെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലുംഎല്ലാ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിലും കരം ഒടുക്കാവുന്നതാണ്. |
| (സി) ഓണർഷിപ്പ് മാറാതെ പ്രസ്തുത വാഹനം വിവിധ കൈമാറ്റം നടത്തുകയും ഇപ്പോൾ കൈവശം ഇരിക്കുന്ന ആൾ പ്രസ്തുത വാഹനം ഉപയോഗിച്ച് അനേകം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) ഇതിനെ സംബന്ധിച്ച് തിരുവനന്തപുരം ആർ.ടി.ഒ യ്ക്ക് ലഭിച്ച പരാതിയിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) ഈ വാഹനം സംബന്ധിച്ചുള്ള പരാതികൾ ഒന്നും തന്നെ തിരുവനന്തപുരം ആർ. ടി.ഒ.യ്ക്ക് ലഭിച്ചതായി കാണുന്നില്ല. |
| (ഇ) പ്രസ്തുത വാഹനത്തിന്റെ | (ഇ) പ്രസ്തുത വാഹനത്തിന്റെ ഇപ്പോഴത്തെ |

| | |
|---|---|
| ഇപ്പോഴത്തെ ഉടമസ്ഥനെ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; | ഉടമസ്ഥൻശ്രീ. ഷിബു.ജെ.വർഗ്ഗീസ് (വർഗ്ഗീസ് മകൻ) ഇല്ലിക്കൽ ഹൗസ്, തൃപ്പൂണിത്തുറ എന്നയാളാണ്. |
| (എഫ്) പ്രസ്തുത വാഹനത്തിന്റെ കരം അടയ്ക്കുമ്പോൾ നിലവിലുള്ള ഉടമസ്ഥനെ കണ്ടെത്തി, വിശദാംശം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ? | എഫ്) പ്രസ്തുത വാഹനത്തിന്റെ കരം അടയ്ക്കുമ്പോൾ നിലവിലുള്ള ഉടമസ്ഥനെ കണ്ടെത്തുന്നതിനായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് ആവശ്യമായ വിവരങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നിന്നും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ